സൗജന്യ അരി വിതരണം

കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി ഗരീബ് കല്ല്യാണ് യോജന പദ്ധതി പ്രകാരം എല്ലാ എ.എ.വൈ. (മഞ്ഞ), പി.എച്ച്.എച്ച്. (പിങ്ക്) റേഷൻ കാർഡുകളിലേയും ഓരോ അംഗത്തിനും 5 കി.ഗ്രാം. അരി വീതം സൗജന്യമായി ലഭിക്കുമെന്ന് ജില്ലാ സപ്ളൈ ഓഫീസര് അറിയിച്ചു.
എ.എ.വൈ.(മഞ്ഞ) കാർഡുകൾക്ക് ഏപ്രില് 20, 21 തീയതികളിലാണ് വിതരണം (ആ ദിവസങ്ങളിൽ വാങ്ങാന് കഴിയാത്തവർക്ക് ഏപ്രില് 30 വരെ വാങ്ങാവുന്നതാണ്)

പി.എച്ച്.എച്ച്.(പിങ്ക്) കാർഡുകൾക്ക് പ്രകാരമുള്ള സൗജന്യ അരിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സൗജന്യ ഭക്ഷ്യകിറ്റും ഏപ്രിൽ 22 മുതല് 30 വരെ വാങ്ങാം. (തിരക്ക് കുറയ്ക്കുന്നതിന് റേഷൻ കാർഡ് നമ്പരിന്റെ അവസാന അക്കം അനുസരിച്ചാണ് വിതരണം.

അവസാന അക്കം 1 - 22/04/2020
അവസാന അക്കം 2 - 23/04/2020
അവസാന അക്കം 3 - 24/04/2020
അവസാന അക്കം 4 - 25/04/2020
അവസാന അക്കം 5 - 26/04/2020
അവസാന അക്കം 6 - 27/04/2020
അവസാന അക്കം 7 - 28/04/2020
അവസാന അക്കം 8 - 29/04/2020
അവസാന അക്കം 9 & 0 - 30/04/2020

ലോക്ക് ഡൗൺ പശ്ചാത്തലത്തില് റേഷന് കാർഡ് രജിസ്റ്റര് ചെയ്ത കടയിൽ നിന്ന് സൗജന്യകിറ്റ് വാങ്ങാന് സാധിക്കാത്തവര് ഇപ്പോൾ താമസിക്കുന്ന സ്ഥലത്തെ വാർഡ് മെമ്പര് / മുനിസിപ്പൽ കൗൺസിലര് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമീപത്തുള്ള

റേഷൻ കടയില് 21 ന് മുമ്പായി നൽകണമെന്നും ജില്ലാ സപ്ളൈ ഓഫീസർ അറിയിച്ചു.

നെല്ലുസംഭരണം: ഓൺലൈൻ രജിസ്ട്രേഷനു പ്രത്യേക അവസരമൊരുക്കി സപ്ലൈകോ

ആലപ്പുഴ: നെല്ലുസംഭരണത്തിന് കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ സപ്ലൈകോ രണ്ടുദിവസം പ്രത്യേക അവസരം ഒരുക്കുന്നു. ഏപ്രിൽ 20 നു രാവിലെ പത്തുമുതൽ 21നു വൈകുന്നേരം അഞ്ചുവരെ കർഷകർക്ക് www.supplycopaddy.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. ഇതുവരെ രജിസ്ട്രേഷൻ നടത്താത്ത കർഷകർ പ്രത്യേക അവസരം ഉപയോഗപ്പെടുത്തണമെന്ന് പാഡി ഓഫീസർ രാജേഷ് അറിയിച്ചു. നെല്ലുസംഭരണ രജിസ്ട്രേഷന് അവസരം ഇനി ദീർഘിപ്പിക്കുന്നതല്ല.